# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2065

07.07.2015-ലെ മറുപടിയ്ക്ക്

## സംസ്ഥാന സഹകരണ വിജിലൻസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വർക്കല കഹാർ<br>,, എം.എ. വാഹീദ്<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, എം.പി.വിൻസെൻറ് | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) | |
| (എ) | സംസ്ഥാന സഹകരണ വിജിലൻസ് വിഭാഗത്തിന്റെ അധികാരങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ; | (എ) | സഹകരണ സംഘം രജിസ്ട്രാർ അന്വേഷണത്തിന് കൈമാറുന്ന പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് കൈമാറുന്നതിനുള്ള അധികാരം മാത്രമാണ് സഹകരണ വിജിലൻസ് വിഭാഗത്തിന് നൽകിയിട്ടുള്ളത്. |
| (ബി) | സഹകരണ വിജിലൻസ് വിഭാഗം നിലവിൽ വന്നശേഷം എത്ര കേസ്സുകൾ അന്വേഷിച്ചിട്ടുണ്ട്; വർഷം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ആകെ 345 കേസ്സുകൾ |

| വർഷം | എണ്ണം |
|---|---|
| 2008 | 72 |
| 2009 | 78 |
| 2010 | 98 |
| 2011 | 34 |
| 2012 | 20 |
| 2013 | 25 |
| 2014 | 17 |
| 2015 | 1 |
| | 345 |

| | | | |
|---|---|---|---|
| (സി) | ഇതിൽ എത്ര കേസ്സുകൾ ഇനിയും അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് നൽകാനുണ്ട്; വിശദമാക്കുമോ; | (സി) | 20 കേസ്സുകൾ |

| | | | |
|---|---|---|---|
| (ഡി) | വിജിലൻസ് വിഭാഗത്തിന്റെ ശമ്പളത്തിനും മറ്റാനുകൂല്യങ്ങൾക്കും വാഹനങ്ങളുടെ ഇന്ധന ചെലവിനും ഉൾപ്പെടെ നാളിതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; ഒരു കേസ്സ് അന്വേഷണത്തിന് ശരാശരി എന്ത് തുക ചെലവ് വന്നിട്ടുണ്ട്; | (ഡി) | നാളിതുവരെ 8,40,09,411/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു കേസ്സിന് ശരാശരി 2,58,490/- രൂപ ചെലവ് വന്നിട്ടുണ്ട്. |
| (ഇ) | നിലവിലെ സഹകരണ വിജിലൻസിന്റെ പ്രവർത്തനത്തിൽ പോരായ്മകളുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; എങ്കിൽ സഹകരണ വിജിലൻസ് സംവിധാനം പുന:സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ഉണ്ട്. സഹകരണ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ച് നടത്തിയ വിലയിരുത്തലിൽ അടിയന്തിര പ്രാധാന്യമുള്ള പരാതികൾ പോലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വളരെയേറെ കാലതാമസം വരുന്നതായും ഒട്ടേറെ പരാതികൾ അന്വേഷണം പൂർത്തിയാകാതെ ബാക്കിനിൽക്കുന്നതായും കണ്ടെത്തിയതിനെ തുടർന്ന് സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരെ മാത്രം ഉൾപ്പെടുത്തി സഹകരണ വിജിലൻസ് വിഭാഗം പുനഃസംഘടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും അതനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുകയുമാണ്. |

സെക്ഷൻ ഓഫീസർ